(സി) (1) പ്രസരണ വിതരണ ശൃംഖല കൂടുതൽ വ്യാപിപ്പിക്കുകയും കൂടുതൽ ഉപഭോക്താക്കൾക്ക് കണക്ഷൻ കൊടുക്കുകയും ചെയ്യുന്നു.

(2) പുതിയ വൈദ്യുത പദ്ധതികൾ സ്ഥാപിക്കുകവഴി കൂടുതൽ വൈദ്യുതി ലഭ്യമാക്കാനുള്ള ശ്രമം നടന്നുവരുന്നു.

(3) കേന്ദ്രപൂളിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൂടുതൽ വൈദ്യുതി എത്തിക്കുവാനുള്ള 400 കെ. വി. സബ്സ്റ്റേഷനുകളും പവ്വർ ഹൈവേയും നിർമ്മിക്കാനുള്ള പണികൾ ധൃതഗതിയിൽ നടന്നുവരുന്നു.

ഇനിയും വൈദ്യുതീകരിക്കാത്ത കരകൾ

186 [1128] *ശ്രീ. എം. എം. ഹസ്സൻ:*
„ *കെ. ബാബു:*
„ *സി. പി. മുഹമ്മദ്:*
„ *ലൂഡി ലൂയിസ്:*
„ *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കരകൾ വൈദ്യുതീകരിക്കുവാൻ ബാക്കിയുണ്ട്;

(ബി) ഇവ എന്നത്തേക്ക് വൈദ്യുതീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു;

(സി) ഈ കരകൾ വൈദ്യുതീകരിക്കുന്നതിന് രാജീവ്ഗാന്ധി ഗ്രാമ വൈദ്യുതീകരണ പദ്ധതിയനുസരിച്ച് എന്തെങ്കിലും തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് പറയുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 3578 കരകൾ വൈദ്യുതീകരിക്കുവാൻ ബാക്കിയുണ്ട്.

(ബി) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ (ആർ.ജി.ജി.വി.വൈ.) ഭാഗമായി കേരളത്തിലെ 14 ജില്ലകളിലെ 3578 കരകൾ വൈദ്യുതീകരിക്കുന്നതിനുള്ള 343 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ഇതിൽ 7 ജില്ലകളിലെ കരകൾ വൈദ്യുതീകരിക്കുന്നതിനുള്ള അനുമതി ലഭിച്ചു കഴിഞ്ഞു. ബാക്കി 7 ജില്ലകളിലെ പദ്ധതിക്കുള്ള അനുമതി ഉടൻ ലഭിക്കുന്നതാണ്. 31-3-2007-നു മുൻപായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ പദ്ധതിയനുസരിച്ച് കേരളത്തിലെ 14 ജില്ലകൾ വൈദ്യുതീകരിക്കുന്നതിനുള്ള 343 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ഇതിൽ 7 ജില്ലകളിലെ (ഇടുക്കി, മലപ്പുറം, പാലക്കാട്, കണ്ണൂർ, വയനാട്, കോഴിക്കോട്, കാസർഗോഡ്) കരകൾ വൈദ്യുതീകരിക്കുന്നതിനും മലപ്പുറം ജില്ലയിൽ ഒരു 66/11 കെ. വി. സബ്സ്റ്റേഷൻ പണികഴിപ്പിക്കുന്നതിനുമായി മൊത്തം 221.75 കോടി രൂപയ്ക്കുള്ള പദ്ധതിയുടെ അനുമതി ലഭിച്ചു. ഈ പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ ആർ. ഇ. സി.-യും സംസ്ഥാന ഗവൺമെന്റും ബോർഡുമായുള്ള ത്രികക്ഷി കരാർ ഒപ്പുവച്ചതിനു ശേഷം ഇതിന്റെ ഒന്നാം ഗഡുവായ 66.5 കോടി രൂപ ബോർഡിന് ലഭ്യമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly